# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

*ഗവ. യു പി എസ് മങ്ങാരം പന്തളം പത്തനംതിട്ട*

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കുവാനാവശ്യമായ ശേഷികളും ധാരണകളും മൂല്യങ്ങളും സ്വാശീകരിക്കുക എന്നതാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്.മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു എൻ അവതരിപ്പിച്ച 17 സൂചകങ്ങളുടെയും അടിസ്ഥാനമായി വർത്തിക്കുന്നത് ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ്. സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാതു തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി സ്വായത്തമാക്കുവാൻ വിഭാവനം ചെയ്യുന്നു.

**കാഴ്ചപ്പാട്**

ഓരോ വിദ്യാർത്ഥിക്കും സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലൂടെ അതാതു തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കുവാൻ ഈ വിദ്യാലയത്തിന്റെ പഠനാന്തരീക്ഷവും പഠനരീതികളും സഹായിക്കുന്നു.

ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

**അവസ്ഥാവിശകലനം**

***പാഠ്യപദ്ധതി വിനിമയം***

ആരോഗ്യ കായിക പ്രവർത്തി പരിചയം, സാങ്കേതിക വിദ്യാഭ്യാസം എന്നിവയിൽ മെച്ചപ്പെടലുകൾ ഉണ്ടാവണം.

***പഠനാന്തരീക്ഷം***

പഠനത്തിന് ആവശ്യമായക്ലാസ് മുറികൾ ഉണ്ട്. എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിക്കാവുന്ന അന്തരീക്ഷം ഉണ്ട്.എന്നാൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനത്തിന് ആവശ്യമായ സംവിധാനങ്ങൾ അപര്യാപ്തം. കളിഉപകരണങ്ങൾ അപര്യാപ്തം

***അധ്യാപകർ***

പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ സമഗ്രാസൂത്രണവും ദൈനംദിനാസൂത്രണവും ചെയ്ത് നടപ്പിലാക്കുന്ന അധ്യാപകർ 10 പേരുണ്ട്.അധ്യാപക – രക്ഷാകർതൃബന്ധം ശക്തമാണ്.

***ഭൗതികസാഹചര്യം***

പരിസ്ഥിതി സൗഹൃദ – വിദ്യാർത്ഥി സൗഹൃദ സ്കൂൾ- ക്ലാസ് അന്തരീക്ഷമാണ്. ശുദ്ധ ജലം ലഭിക്കുന്നുണ്ട്. ടോയിലറ്റുകൾ അപര്യാപ്തമാണ്. ഗേൾസ് ഫ്രണ്ട് ലി ടോയിലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ ഇല്ല.വിദ്യാർത്ഥി സൗഹൃദ – ഭിന്നശേഷി സൗഹൃദ ഫർണിച്ചറുകൾ ഇല്ല. ഭക്ഷണം തയ്യാറാക്കുന്നതിന് മെച്ചപ്പെട്ട അടുക്കളയും ഇരുന്ന് കഴിക്കുന്നതിന് ഡൈനിംഗ് ഹാളും ആവശ്യമാണ്. ഗതാഗത സംവിധാനം ഉണ്ട്.

***സാമൂഹിക ഇടപെടലുകൾ***

PTA, SMC, MPTA, തദ്ദേശ സ്വയംഭരണ സ്ഥാപനം പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ സ്കൂളുമായി നിരന്തരം സഹകരിച്ച് പ്രവർത്തിക്കുന്നു. ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിൽ ഇവരുടെ സേവനം ലഭിക്കുന്നുണ്ട്. ലഹരി ഉപയോഗസാധ്യതകൾ വളരെ വിരളമാണ്.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| പാഠ്യപദ്ധതി വിനിമയം | ആരോഗ്യ കായിക പ്രവർത്തി പരിചയ കല പഠനം | | | | പരിചയസമ്പന്നരായ അധ്യാപകരില്ല |
| പാഠ്യപദ്ധതി വിനിമയം | സാങ്കേതിക വിദ്യാഭ്യാസം | | | | ഉപകരണങ്ങൾ ക്ലാസ്മുറി ദൗർലഭ്യം |
| പാഠ്യപദ്ധതി വിനിമയം | സാമൂഹിക പ്രതിബദ്ധത | | | | പ്രത്യേക പരിസീലനം |
| പാഠ്യപദ്ധതി വിനിമയം | സർഗശേഷി | | | | പ്രത്യേക പരിസീലനം |
| പാഠ്യപദ്ധതി വിനിമയം | ഭാഷാപ്രാവീണ്യം | | | | പ്രത്യേക പരിസീലനം |
| പാഠ്യപദ്ധതി വിനിമയം | പ്രകൃതിസ്നേഹം | | | | ക്ലബ് പ്രവർത്തനം |
| ഭൗതിക സാഹചര്യം | ഗേൾസ് ഫ്രണ്ട് ലി ടോയിലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ | | | | സ്ഥല പരിമിതി ഉണ്ടായിരുന്നു. |
| ഭൗതിക സാഹചര്യം | സ്മാർട്ട് ക്ലാസ് മുറികൾ | | | | ഫണ്ട് ലഭ്യമല്ല |
| ഭൗതിക സാഹചര്യം | കളിയുപകരണങ്ങൾ | | | | ഫണ്ട് ലഭ്യമല്ല |

**ഹ്രസ്വകാല ലക്ഷ്യങ്ങൾ**

* പഠനപിന്നാക്കാവസ്ഥ പരിഹരിക്കുന്നു.

* ദിനാചരണങ്ങളുടെ പ്രസക്തി കുട്ടികളിലെത്തിക്കുന്നു.

* കലാ കായിക പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ മുന്നേറുന്നു.

* സാമൂഹിക പ്രതിബദ്ധത വളർത്തുന്നു.

* പ്രകൃതി സ്നേഹം വളർത്തുന്നു.

ക്ഷ്യങ്ങൾ

**ദീർഘകാല ലക്ഷ്യങ്ങൾ**

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക.

* വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

* ഭാഷാ പ്രാവീണ്യവും ആശയവിനിമയശേഷിയും ഉറപ്പുവരുത്തുന്നു.

* ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്കു പുറമെ കലാ കായിക പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് സാഹചര്യം ഒരുക്കുന്നു.

* അധ്യാപകൻ –വിദ്യാർത്ഥി,വിദ്യാർത്ഥി - വിദ്യാർത്ഥി,അധ്യാപകൻ - അധ്യാപകൻ,അധ്യാപകൻ -സമൂഹം

ഊഷ്മള ബന്ധം നിലനിർത്തുന്നു.

* പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

* തൊഴിൽ നൈപുണി നേടുന്നതിന് സഹായിക്കുന്നു.

| പ്രവർത്തന പദ്ധതി | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണചുമതല | സാമ്പത്തികം | റിമാർക്ക് |
| 1 | പാഠ്യപദ്ധതി വിനിമയം | വിദ്യാരംഗം കലാസാഹിത്യ വേദി | ജൂൺ മുതൽ മാർച്ച് വരെ | റഹ്മത്ത് എ | | ഭാഷാ പ്രാവീണ്യം |
| | | സ്കൂൾ സോഷ്യൽ സർവീസ് സ്കീം | ജൂൺ മുതൽ മാർച്ച് വരെ | ലക്ഷ്മി ചന്ദ്രൻ | സർക്കാർ ഫണ്ട് | സാമൂഹിക പ്രതിബദ്ധത |
| | | ക്രിയേറ്റീവ് കോർണർ | ജൂൺ മുതൽ മാർച്ച് വരെ | കൃഷ്ണാംബിക വി കെ | PTA | സർഗാത്മകത |
| | | ഇംഗ്ലീഷ് ലാംഗ്വേജ് എൻറിച്ച്മെന്റ് പ്രോഗ്രാം | ജൂലൈ മുതൽ ഫെബ്രുവരി വരെ | ആതിര രവീന്ദ്രൻ, കൃഷ്ണാംബിക വി കെ | PTA | ഭാഷാ പ്രാവീണ്യം |
| | | സ്കൂൾ സുരക്ഷ | ജൂൺ മുതൽ മാർച്ച് വരെ | വിഭ നാരായൺ | PTA | അതിജീവനം |
| | | സീഡ് ക്ലബ് | ജൂൺ മുതൽ മാർച്ച് വരെ | ജൂനൈഷ് എം | | പ്രകൃതി സ്നേഹം |
| | | ഒപ്പത്തിനൊപ്പം | ജൂൺ മുതൽ മാർച്ച് വരെ | റസീന ബീഗം എഫ് | | ഭാഷാ പ്രാവീണ്യം, പഠനശേഷി കൈവരിക്കൽ |
| | | എന്റെ പുസ്തകം എന്റെ കുറിപ്പ് എന്റെ എഴുത്തുപെട്ടിയ്ക്ക് | ജൂൺ മുതൽ മാർച്ച് വരെ | റഹ്മത്ത് എ | | ആസ്വാദനക്കുറിപ്പ് |
| | | ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | റസീന ബീഗം എഫ് | PTA | ദിനാചരണങ്ങളുടെ പ്രസക്തി |
| | | ലീഡർ തെരഞ്ഞെടുപ്പ് | ജൂൺ | ലക്ഷ്മി ചന്ദ്രൻ | | ജനാധിപത്യ ബോധം |
| | | സൂംബ ഡാൻസ് | ജൂൺ മുതൽ മാർച്ച് വരെ | നിഷ എസ് റഹ്മാൻ | | കായിക പരിശാലനം |

| പ്രവർത്തന പദ്ധതി | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്ക് |
| 2 | ഭൗതിക സാഹചര്യം | ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ | | | 10L കേരള സർക്കാർ | എം എൽ എ ഫണ്ടിൽ നിന്ന് അനുവദിക്കാമെന്ന് പ്രഖ്യാപിച്ചു. പ്ലാനും എസ്റ്റിമേറ്റും നൽകി. |
| | | സ്മാർട്ട് ക്ലാസ് മുറികൾ | 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ | PWD | 100L | പണി പുരോഗമിക്കുന്നു. |
| 3 | പ്രകടനം/ പ്രദർശനം | പഠനോൽസവം | മാർച്ച് | ദിവ്യ എസ് | | അക്കാദമികവും അക്കാദമികേതരവുമായ മികവു പ്രദർശനം |

സ്കൂളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് വരും വർഷങ്ങളിലും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും മികവുറ്റതാക്കുവാൻ പരിശ്രമിക്കും.